(ബി) 18-11-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 263/2015/ ആ.ക.വ പ്രകാരം ശിശുരോഗ വിഭാഗത്തിൽ രണ്ടു തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഗൈനക്കോളജി, അനസ്തേഷ്യ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടില്ല.

(ഡി) ഇല്ല. തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

51(2519) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലിലുണ്ടെന്നും ആയത് നികത്തുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ സ്ഥാപനം/തസ്തിക തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 79 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുള്ള കൺസൾട്ടന്റ് തസ്തികയിൽ നിയമനം നടത്തുന്നതിനായി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. താലൂക്കാശുപത്രി, പയ്യന്നൂർ

സ്റ്റാഫ് നഴ്സ് ഗ്രേഡ് I	-	2
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I	-	1
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II	-	2
കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ	-	1
കൺസൾട്ടന്റ്	-	4
ജൂനിയർ കൺസൾട്ടന്റ്	-	2

2. സാമൂഹികാരോഗ്യ കേന്ദ്രം, കരിവെള്ളൂർ

സ്റ്റാഫ് നഴ്സ് ഗ്രേഡ് I	-	1
സ്റ്റാഫ് നഴ്സ് ഗ്രേഡ് II	-	1

3. താലൂക്കാശുപത്രി, പെരിങ്ങോം

എൽ.ഡി. ക്ലാർക്ക്	-	1
അസിസ്റ്റന്റ് സർജൻ	-	4
ജൂനിയർ കൺസൾട്ടന്റ്	-	1

4. പ്രാഥമികാരോഗ്യ കേന്ദ്രം, രാമന്തളി

സ്റ്റാഫ് നഴ്സ് ഗ്രേഡ് I	-	1

5. പ്രാഥമികാരോഗ്യ കേന്ദ്രം, പുളിങ്ങോം

അസിസ്റ്റന്റ് സർജൻ	-	1

(സി) സ്വീകരിച്ചു വരുന്നു. പ്രൊമോഷൻ തസ്തികകളിൽ പ്രൊമോഷൻ നടത്തുന്നതിനും മറ്റു തസ്തികകളിൽ പി.എസ്.സി-മുഖേന നിയമനം നടത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly